## അവകാശലംഘന പ്രശ്നങ്ങൾ

### അനുമതി നിഷേധിച്ചവ

മി.സ്പീക്കർ: ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ എം.എൽ.എ നൽകിയ അവകാശ ലംഘന നോട്ടീസിനും ബഹുമാനപ്പെട്ട റവന്യൂവും കയറും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. രാജു എബ്രഹാം എം.എൽ.എ നൽകിയ അവകാശ ലംഘന നോട്ടീസിനും അനുമതി നിഷേധിക്കുന്നു.

### പരിഗണനയിലിരിക്കുന്ന അവകാശലംഘനപ്രശ്നം

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. എസ്. ശർമ്മ എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകളും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദനെതിരെ ശ്രീ. കെ. ശിവദാസൻ നായർ, ശ്രീ. ടി. എൻ. പ്രതാപൻ എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകളും ഒറ്റപ്പാലം പോലീസ് സ്റ്റേഷനിലെ സി.പി.ഒ. ശ്രീ. സന്തോഷ് കുമാർ, ഒറ്റപ്പാലം സർക്കിൾ ഓഫീസിലെ ശ്രീ. രാജേന്ദ്രൻ എന്നിവർക്കെതിരെ ശ്രീ. എം.ഹംസ എം.എൽ.എ. നൽകിയ നോട്ടീസുകളും ചെയറിന്റെ പരിഗണനയിലാണ്.